കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി13-1619/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ

തീയതി. 10.01.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം:- തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി13-1619/2018 തീയതി: 10.01.2019

# ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.2017 മുതൽ 30.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018 മുതൽ<br>26.10.2018 വരെ | ശ്രീ. ആർ.രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.റ്റി.എം.റോയ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.പി.കെ.ലേഖ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.കെ.ജെ.സെബാസ്റ്റ്യൻ | 01.04.2017 മുതൽ 24.01.2018 വരെ |
| 2 | ശ്രീമതി.രേഷ്മ രംഗനാഥ് | 25.01.2018 മുതൽ 21.02.2018 വരെ |
| 3 | അഡ്വ.പി.എസ്.ജ്യോതിസ് | 22.02.2018 മുതൽ 31.03.2018വരെ |

2. സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.വി.വി.പ്രസാദ് | 01.04.2017 മുതൽ 11.07.2017വരെ |
| 2 | ശ്രീമതി.ജയന്തി.കെ (ഇൻ ചാർജ്) | 12.07.2017 മുതൽ 23.07.2017വരെ |
| 3 | ശ്രീ.പി.ആർ.സജി | 24.07.2017 മുതൽ 05.08.2017വരെ |

| | | |
|---|---|---|
| 4 | ശ്രീമതി.ജയശ്രീ നായ്ക്ക് (ഇൻ ചാർജ്) | 06.08.2017 |
| 5 | ശ്രീമതി.എസ്.ബിജി | 07.08.2017മുതൽ 31.03.2018വരെ |

സി). <u>സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം</u>

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | രേഷ്മ രംഗനാഥ് | ധനകാര്യം | 01.04.2017മുതൽ 31.03.2018 വരെ |
| 2 | അഡ്വ.പി.എസ്.ജ്യോതിസ് | വികസനകാര്യം | 01.04.2017 മുതൽ 21.02.2018 വരെ |
| | വേക്കന്റ് | | 22.02.2018 മുതൽ 11.03.2018 വരെ |
| | രമാ മദനൻ | | 12.03.2018മുതൽ 31.03.2018 വരെ |
| 3 | രമാ മദനൻ | ആരോഗ്യ വിദ്യാഭ്യാസം | 01.04.2017 മുതൽ 22.02.2018 വരെ |
| | വേക്കന്റ് | | 23.02.2018 മുതൽ 11.03.2018 വരെ |
| | ബിനിത | | 12.03.2018മുതൽ 31.03.2018 വരെ |
| 4 | സുധർമ്മ സന്തോഷ് | ക്ഷേമകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |

3. <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| ക്രമ നം | | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | സുഭാഷ് കുമാർ.പി | 1.4.2017മുതൽ 01.09.2017 വരെ |
| | | ദീപ്തി ജയിംസ് | 02.09.2017മുതൽ 02.10.2017 വരെ |
| | | തോമസ് ഡിക്രൂസ് | 03.10.2017മുതൽ 15.02.2018 വരെ |
| | | ആശ | 16.02.2018 മുതൽ 31.03.2018 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി.സമീര | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | വെറ്റിനറി സർജൻ | ശ്രീമതി.സ്മിത വിൽസൺ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രശ്മി മാനുവൽ | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 5 | വി.ഇ.ഒ-മുട്ടത്തിപറമ്പ് | സ്മിത | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | വി.ഇ.ഒ-തണ്ണീർമുക്കം | പ്രമീള | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | വി.ഇ.ഒ-കൊക്കോതമംഗലം | ലീലാമ്മ | 01.04.2017 മുതൽ 30.09.2017 വരെ |
| | | Vacant | 01.10.2017 മുതൽ 01.02.2018 വരെ |
| | | ആശാലത | 02.02.2018 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജയന്തി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനുപമ.എസ്.പിള്ള | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മോഹൻദാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മാർഗരറ്റ് ഷൈൻ | 01.04.2017മുതൽ 31.03.2018വരെ |
| 12 | ഹെഡ്മാസ്റ്റർ | ശ്രീ.ബാബു.ഡി | 01.04.2017 മുതൽ 31.03.2018 വരെ |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | എൽ.പ്രസന്നകുമാരി | 01.04.2017 മുതൽ 06.06.2017 വരെ |
| | | Vacant | 07.06.2017 മുതൽ 12.06.2017 വരെ |
| | | ജയശ്രീ നായിക്ക്.പി | 13.06.2017 മുതൽ 30.06.2017 വരെ |
| | | സാഹിർ.കെ.എ | 01.07.2017 മുതൽ 03.07.2017 വരെ |
| | | ജയന്തി.കെ | 04.07.2017 മുതൽ 31.07.2017 വരെ |
| | | ജയശ്രീ നായിക്ക്.പി | 01.08.2018 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-13 |
| | ഭാഗം -2 | |
| 2 | രസീത് സൂക്ഷിപ്പിലെ അപാകതകൾ | 2-1 |

| | | |
|---|---|---|
| 3 | തനതുഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല | 2-2 |
| 4 | വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-3 |
| 5 | ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് | 2-4 |
| 6 | മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല | 2-5 |
| 7 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-6 |
| 8 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| 9 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കുന്നില്ല | 2-8 |
| 10 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 2-9 |
| | ഭാഗം -3 | |
| 11 | ഖരമാലിന്യ സംസ്കരണം – കരാറിന് വിരുദ്ധമായി അധികം തുക മുൻകൂറായി നൽകി | 3-1 |
| 12 | ഉറവിട മാലിന്യ സംസ്കരണ പദ്ധതി – ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല, അനുവദിച്ച തുക ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 3-2 |
| 13 | സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ – അധിക ചെലവ് സംബന്ധിച്ച് | 3-3 |
| 14 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-4 |
| 15 | സാന്ത്വനം പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് | 3-5 |
| 16 | വിവിധ അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല | 3-6 |
| 17 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-7 |
| 18 | ഡെപ്പോസിറ്റ് വർക്ക്- പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-8 |
| | ഭാഗം -4 | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to4-10 |
| 20 | അനുബന്ധം 1 - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 21 | അനുബന്ധം 2 | 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18 വർഷത്തെ ബജറ്റ് 22.03.2017 ലെ I-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പഞ്ചായത്ത് കമ്മറ്റി പാസ്സാക്കി. അംഗീകൃ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 225541310 | 213730500 |
| രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | 102733722 | 116215196 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2017 | 04.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45100903.17 |
| വരവ് | 102733722 |
| ആകെ | 147834625.17 |
| ചെലവ് | 116215196 |
| നീക്കിയിരിപ്പ് | 31619429.17 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 23427000 | 23427000 | 21092890 | 2334110 |
| വികസന ഫണ്ട് (എസ്.സി.പി) | | 3090329 | 3090329 | 1675411 | 1414918 |
| വികസന ഫണ്ട് (ടി.എസ്.പി) | | 713710 | 713710 | 254300 | 459410 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 6571000 | 6571000 | 6571000 | -- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 5216000 | 5216000 | 5146175 | 69825 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 11621992 | 11621992 | 11568949 | 53043 |
| കെ.എൽ.ജി.എസ്.ഡി.പി | | 5463929 | 5463929 | 4352118 | 1111811 |
| ടോട്ടൽ സാനിറ്റേഷൻ | 2895150 | 2246422 | 5141572 | 158470 | 4983102 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 21664490 | 18427841 | 40092331 | 39434573 | 657758 |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | - | 2991853 | 2991853 | 3497203 | -505350 |
| സാക്ഷരത | 346472 | 112900 | 459372 | 649 | 458723 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 235437 | 7749 | 243186 | 31000 | 212186 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 634503 | 29051 | 663554 | -- | 663554 |
| എൻ.ആർ.ഇ.ജി.എസ് | 113565 | 1871443 | 1985008 | 1978679 | 6329 |
| ഐ.സി.ഡി.എസ് | 564430 | 1221485 | 1785915 | 1200609 | 585306 |
| തനത് ഫണ്ട് | 18481023 | 23627271 | 42108294 | 17865890 | 24242404 |
| തനത് ഫണ്ട് (ക്യാഷ് ) | 165833 | 315617 | 481450 | 165833 | 315617 |
| | 45100953 | 85871292 | 130971995 | 114462624 | 37062546 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 20 | 12798418 | 18 | 7741699 | - | 2 | 90% |
| സേവനം | 77 | 41532085 | 62 | 28021425 | - | 15 | 67.46% |
| പശ്ചാത്തലം | 69 | 30566819 | 49 | 22754547 | - | 20 | 74.4% |
| ആകെ | 166 | 84897322 | 129 | 58517671 | - | 37 | 68.92% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 113565 | 1871443 | 1985008 | 1978679 | 6329 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 77503557 | 77503557 | 77503557 | |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 259680 | 444 |
| കർഷകതൊഴിലാളി പെൻഷൻ | 5161100 | 423 |
| വിധവാപെൻഷൻ | 12356200 | 1051 |
| വാർദ്ധക്യകാലപെൻഷൻ | 28180100 | 2114 |
| വികലാംഗപെൻഷൻ | 7057400 | 574 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 1652200 | 142 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 3 |
| ആകെ | 54816680 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2018 4.00 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9965/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. 37 പദ്ധതികൾ തൻവർഷം പൂർത്തിയാക്കിയിട്ടില്ല. പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2018 | 9/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2016 | 2011-15 | 22.05.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 41415-ാം നമ്പർ രസീത് ബുക്ക് അനിയമ്മ.റ്റി എന്ന ക്ലർക്കിന് ഇഷ്യൂ ചെയ്തതായി കാണുന്നു. പ്രസ്തുത രസീത് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ടിയാളുടെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത രസീത് ബുക്കിലെ 1 മുതൽ 100 വരെയുള്ള രസീതുകൾ

8.12.2017 മുതൽ 21.12.2017 വരെയുള്ള തീയതികളിലായി പണം പിരിക്കുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

രസീത് ബുക്കുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ എഴുതിയിരിക്കുന്നു.

ബുക്ക് നം -41427 ൽ രസീത് നം. 57 മുതൽ 100 വരെ

ബുക്ക് നം -41436 ൽ രസീത് നം. 1 മുതൽ 84 വരെ

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (7/15.11.18) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. രസീതുബുക്ക് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2 തനതുഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ തനതുഫണ്ട് നിക്ഷേപിക്കുന്നതിനുള്ള ജില്ലാ സഹകരണ ബാങ്ക്, ചേർത്തല ശാഖയിലെ അക്കൗണ്ട് നം.40221009000001-ൽ 2018 മാർച്ച് 31-ന് 2,41,98,633/- രൂപ അവശേഷിക്കുന്നുണ്ട്. ടി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല. വളരെ വലിയ തുക ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (12/16.11.2018) അക്കൗണ്ട് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തനതുഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കുന്നതിന് ഉചിതമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

a) വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല.

2017-18 സാമ്പത്തിക വർഷത്തെ വിവിധ ഇനങ്ങളിലെ നികുതി വരുമാനം പരിശോധിച്ചതിൽ, വസ്തു നികുതി പിരിവിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് 54,92,644 രൂപയാണെങ്കിലും 41,92,462 രൂപ മാത്രമാണ് പിരിച്ചെടുക്കാനായത്. 13,65,190/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. മുൻവർഷങ്ങളിലെ കുടിശ്ശിക വസ്തുനികുതി പിരിക്കുന്നതിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കേണ്ടതാണ്.

b) വസ്തുനികുതി നിർണ്ണയത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച 31.12.2011-ലെ അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 80/-രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 65/-രൂപയും, 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 50/-രൂപയുമാണ്. ഒരു ഷോപ്പിംഗ് കോംപ്ലക്സിനെ ഒരു കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നതിന് പകരം അതിലെ വിവിധ കടമുറികളെ 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | വികാരി, സെന്റ് ജയിംസ് ചർച്ച്, വാരണം. | 12/447-B മുതൽ 12/447-K വരെ 9കടമുറികൾ. | 211.72ച.മീ. |
| 2 | വികാരി, സെന്റ് ജയിംസ് ചർച്ച്, വാരണം. | 12/447-M മുതൽ 12/447-Rവരെ 5 | 354.25 ച.മീ. |

| | | | |
|---|---|---|---|
| | | കടമുറികൾ. | |
| 3 | രവീന്ദ്രനാഥൻ നായർ, പോക്കാട്ടു പുത്തൻവീട്ടിൽ, കൊക്കോതമംഗലം. | 21/257-A മുതൽ 21/257-F വരെ 6 കടമുറികൾ. | 133.56 ച.മീ |
| 4 | ബിജുകുമാർ, കൊറാപറമ്പിൽ(ഗോകുലം), വാരണം | 11/315A & 11/315B, 2 കടമുറികൾ | 140.76ച.മീ |
| 5 | സുനിൽദാസ്, വിശ്വകർമ്മ സദനം, കണ്ണങ്കര | 9/628A – ഒരു ഷോപ്പ് | 112 ച.മീ |

ഒരു ഉടമയുടെ പേരിലുള്ള ഒരേ ആവശ്യത്തിന് (വാണിജ്യം) ഉപയോഗിച്ച വരുന്ന ഇത്തരം കെട്ടിടങ്ങളുടെ നികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ മുറികളുടേയും നികുതി പ്രത്യേകം കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി ആരംഭിച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച്

1. വാടക കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എട്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലായി ഏകദേശം 65 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ ബഹുഭൂരിപക്ഷം കടമുറികളിൽ നിന്നും നാമമാത്രമായ വാടകയാണ് ഈടാക്കി പോരുന്നത്. വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച തുച്ഛമായ വാടകയിന്മേൽ ഓരോ വർഷവും 5% വർദ്ധനവ് വരുത്തുക മാത്രമാണ് ചെയ്തുപോരുന്നത്. ഉദാഹരണത്തിന് പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നും ഈടാക്കുന്ന വാടകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനം | കടമുറി നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | സെക്യൂരിറ്റിനിക്ഷേപം |
|---|---|---|---|---|
| 01 | 11/284 | ബിമൽ ചന്ദ്രപ്പുരയ്ക്കൽ | 391 | 1173 |
| 02 | 11/285 | ഗോപാലകൃഷ്ണൻ, ചാമരത്തിൽ | 312 | 936 |
| 03 | 11/286 | അൽത്താഫ്, പോട്ടയിൽ | 6064 | 18192 |
| 04 | 11/287 | സുധീർ, കൊല്ലംപറമ്പ് | 467 | 1401 |
| 05 | 11/289 | പ്രഭുകുമാർ, വാഴച്ചിറ | 350 | 1050 |
| 06 | 11/290 | പ്രഭുകുമാർ, വാഴച്ചിറ | 350 | 1050 |
| 07 | 11/291 | സോമൻ, കണ്ടത്തിൽ | 329 | 927 |

| | | | | |
|---|---|---|---|---|
| 08 | 11/292 | സോമൻ, കണ്ടത്തിൽ | 329 | 927 |

11/286 നമ്പർ കടമുറിയിലെ വാടകക്കാരൻ ഒഴിഞ്ഞു പോയതിനെ തുടർന്ന് ടി കടമുറി 2016-17 വർഷം പരസ്യ ലേലം ചെയ്തപ്പോൾ 5775 രൂപയ്ക്കാണ് ശ്രീ അൽത്താഫ് വാടകയ്ക്കെടുത്തത്. തൻവർഷം 5% വർദ്ധനവ് ഉൾപ്പെടുത്തി 6064 രൂപ ടിയാനിൽ നിന്നും ഈടാക്കിവരുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ മറ്റ് വാടകക്കാരിൽ നിന്നും ഈടാക്കുന്ന തുക വളരെ കുറവാണ്. നിലവിൽ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ ഈടാക്കുന്ന വാടകയും സെക്യൂരിറ്റി നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയും സെക്യൂരിറ്റി നിക്ഷേപവും നാമമാത്രമാണ്. പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് നിലവിലെ വാടക പരിഷ്കരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

2. സെക്യൂരിറ്റി നിക്ഷേപം ഈടാക്കുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും പ്രതിമാസ വാടകയുടെ മൂന്നിരട്ടി തുകയാണ് സെക്യൂരിറ്റി നിക്ഷേപമായി മുൻകൂറായി ഈടാക്കുന്നത്. ഇത് വർഷാവസാനം വാടകയിൽ ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. 2017-18 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ, പല വാടകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയതായി കാണുന്നില്ല. പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ 11/59, 11/58, മുട്ടത്തിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ 4,5,6 എന്നിവ ഉദാഹരണം. വാടക കുടിശ്ശിക വരുത്തുമ്പോഴോ, കെട്ടിടത്തിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുമ്പോഴോ ആയത് ക്രമീകരിക്കുന്നത് മുൻകൂറായി ഈടാക്കുന്ന സെക്യൂരിറ്റി നിക്ഷേപത്തിലൂടെയാണ്. ആയതിനാൽ ഇത് ഈടാക്കാതെ ഒരുകാരണവശാലും കടമുറികൾ വാടകയ്ക്ക് നൽകരുത്.

3. വാടക കുടിശ്ശിക ഈടാക്കുന്നില്ല.

2017-18 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം തൻവർഷം വാടകയിനത്തിൽ 68,776 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക നിലനിൽക്കെ തന്നെ അതേ വ്യക്തികൾക്ക് വീണ്ടും കടമുറികൾ വാടകയ്ക്ക് നൽകുകയും ചെയ്യുന്നു. ഇത് ശരിയായ നടപടിയല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കടമുറി നം | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 01 | 11/283 | ശ്രീധരൻ, പുളിയ്ക്കൽ | 3120 |
| 02 | 8 | ശാന്ത, കണ്ടമ്പള്ളി | 6864 |
| 03 | 4 | രജിത ദീപു, ദീപു നിവാസ് | 49880 |
| 04 | – | രജനി.പി, ചെട്ടുപറമ്പിൽ | 7916 |
| 05 | – | ഹരിദാസ്, മൂലേച്ചിറ | 996 |
| | | ആകെ | 68,776 |

വാടക രജിസ്റ്റർ പ്രകാരം ഈടാക്കുവാൻ ബാക്കിയുള്ള കുടിശ്ശികയായ 68,776 രൂപ ഇതുവരെ ഈടാക്കിയിട്ടില്ല. കുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരുത്തുന്നവർക്ക് വീണ്ടും കടമുറി നൽകുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.

4. വാടകക്കാരുമായി കരാർ ചമയ്ക്കുന്നില്ല.

2017-18 വർഷത്തെ വാടക കരാറുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടത്തിന്റെ പരിപാലനം, വാടക സംബന്ധിച്ച വിവരങ്ങൾ മുതലാവ ഉൾപ്പെടുത്തി വ്യക്തമായ കരാർ ഉണ്ടാക്കുന്നതിന് പകരം വാടകക്കാരിൽ നിന്നും നിശ്ചിത മൂല്യത്തിനുള്ള ബ്ലാങ്ക് മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. വ്യക്തമായ കരാറിന്റെ പിൻബലമില്ലാത്തമൂലം പിന്നീട് ഉണ്ടാകുന്ന കോടതി വ്യവഹാരങ്ങൾ ഉൾപ്പെടെയുള്ള തർക്കങ്ങളിൽ പഞ്ചായത്തിന് തിരിച്ചടി നേരിടേണ്ടതായ അവസ്ഥയുണ്ടാകും.

ആയതിനാൽ എല്ലാ വാടകക്കാരുമായും പഞ്ചായത്തിന്റെ താല്പര്യം സംരംക്ഷിച്ചുകൊണ്ടുള്ള കരാർ ഉണ്ടാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ മാതൃകാപരമായ നടപടി കൈക്കൊള്ളേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 11 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തൽ അനുസരിച്ച് ഇവയിൽ രണ്ടെണ്ണത്തിന്റെ നികുതി മാത്രമാണ് കൃത്യമായി ഒടുക്കുന്നത്. പല മൊബൈൽ ടവറുകളുടേയും വസ്തുനികുതി വർഷങ്ങളായി കുടിശ്ശികയായി നിലനിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ടവറിന്റെ പേര് | വാർഷിക നികുതി | കുടിശ്ശികയായ വർഷം |
|---|---|---|---|
| 4/99 | -- | 4140 | 2016-17(II), 2017-18 |
| 4/266 | എയർ ടെൽ | 5538 | 2017-18 |
| 5/310 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 8625 | 2017-18(II) |
| 5/599 | ടാറ്റാ ടെലി കമ്മ്യൂണിക്കേഷൻസ് | 11385 | 2017-18(II) |
| 6/470 | ഭാരതി എയർ ടെൽ | 11040 | 2013-14 മുതൽ 2017-18 വരെ |
| 12/436A | ഇൻഡസ് ടവർ ലിമിറ്റഡ് | 6900 | 2014-15 മുതൽ 2017-18 വരെ |
| 21/659 | ബി.എസ്.എൻ.എൽ | 6900 | 2013-14 മുതൽ 2017-18 വരെ |
| 22/89 | ഭാരതി ഇൻട്രാ ടെൽ ലിമിറ്റഡ് | 7022 | 2017-18 |
| 22/90 | വയർലെസ് ടി.ടി ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 9143 | 2013-14 മുതൽ 2017-18 വരെ |

മേൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇതുസംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മക ഇടപെടലുകൾ ഉണ്ടാകാത്തതുമൂലം തനത് വരുമാനത്തിന്റെ നല്ലൊരു പങ്ക് പിരിച്ചെടുക്കുവാൻ കഴിയാതെ പോകുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കാര്യക്ഷമമായ ഇടപെടലുകൾ നടത്തി കുടിശ്ശിക ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധ വർഷം |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസ്<br>1) ഡ്രൈവർ<br>2) ടെക്നിക്കൽ അസിസ്റ്റന്റ്<br>3) കരാറുകാർ | അടച്ചിട്ടില്ല<br>"<br>,, | അടച്ചിട്ടില്ല<br>1020/-<br>അടച്ചിട്ടില്ല |
| 2 | ഗവ.എൽ.പി.എസ്,വാരനാട് | " | 5750/- |
| 3 | സെന്റ്.ജെയിംസ് സെന്റിനറി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1140/- | അടച്ചിട്ടില്ല |
| 4 | ടാഗോർ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11250/- | " |
| 5 | ഇന്ദിര ജനാർദ്ദനൻ വിദ്യാമന്ദിർ | അടച്ചിട്ടില്ല | " |
| 6 | എലോന ഹോസ്പിറ്റാലിറ്റീസ് | " | " |

ക്രമ നം.1-ൽ ഡ്രൈവർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ അടവാക്കുന്നില്ല. മാത്രമല്ല ടി സ്ഥാപനങ്ങൾ 2017-18 ൽ ഡി &ഒ ലൈസൻസ് പുതുക്കുകയോ സ്ഥാപന നികുതി അടവാക്കുകയോ ചെയ്തതായും കാണുന്നില്ല.

| ക്രമ.നം | സ്ഥാപനം |
|---|---|
| 1 | ചെങ്ങണ്ട കയർ സർവ്വീസ് സഹകരണ സംഘം |
| 2 | കണ്ടമംഗലം ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 3 | ത്രിവേണി സൂപ്പർ മാർക്കറ്റ്,വാരണാട് |
| 4 | നന്മ സ്റ്റോർ, തണ്ണീർമുക്കം |
| 5 | കൊക്കോതമംഗലം മിൽമ സൊസൈറ്റി |
| 6 | പുത്തനങ്ങാടി മിൽമ സൊസൈറ്റി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/15.11.18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയും, തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നതിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവ്രുത്തിക്കുന്നു

പഞ്ചായത്തിന്റെ ഉമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളും ബങ്കുകളും വാടകയ്ക്ക് എടുത്ത് വ്യാപാരം നടത്തുന്നവരിൽ വളരെ കുറച്ചു വ്യക്തികൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. താഴെപ്പറയുന്നവർ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | പേര്/വിലാസം | ബിൽഡിംഗ് പേര്/നം |
|---|---|---|
| 1 | ബിമൽ.ബി, ചന്ദ്രപ്പുരയ്ക്കൽ | പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ്, 11/284 |
| 2 | ഗോപാലകൃഷ്ണൻ.പി.ആർ, ചാമരത്തിൽ | " 11/285 |

| | | |
|---|---|---|
| 3 | അൽത്താഫ്,പോട്ടയിൽ | „ 11/286 |
| 4 | സുധീർ,കൊല്ലംപറമ്പ് | „ 11/287 |
| 5 | വി.എൻ.സദാന്ദൻ,ആനേക്കാട് | „ 11/275 |
| 6 | വി.എം.സഹദേവൻ,വാഴച്ചിറ | „ 11/277 |
| 7 | ജോണി,കണ്ണയിൽ | „ 11/278 |
| 8 | വി.കൃഷ്ണപിള്ള,മണിപ്പുഴ | „ 11/282 |
| 9 | വി.എൻ.സോമനാഥൻ,വെളിന്തറ | „ 11/281 |
| 10 | പ്രദീപ്കുമാർ.പി.ജയനിവാസ് | „ 11/59 |
| 11 | കെ.കെ.പൊന്നപ്പൻ,കാരയ്ക്കാപ്പള്ളി | „ 11/58 |
| 12 | റിനീഷ്,കുളങ്ങരവെളി | „ 11/57 |
| 13 | ധനജി,കൊച്ചുമറ്റത്തിൽ | „ 11/56 |
| 14 | വി.ഡി.വിശ്വംഭരൻ,നിർമ്മാല്യം | മുട്ടത്തിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സ്,15/1 |
| 15 | സിന്ധു,മുണ്ടകൻവെളി | „ 15/2 |
| 16 | കെ.പി.വിശ്വനാഥൻ,മഴവുമ്മേൽ | „ 15/3 |
| 17 | രത്തിനപാൽ,വളപ്പിൽ | „ 15/4 |
| 18 | ടി.എൻ.ശ്രീധരൻ,താഴ്ചയിൽ | തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ്, 6/1 |
| 19 | സാനു സിംസൺ,തണ്ണീർമുക്കം | „ 6/3 |
| 20 | സുരേഷ്,താഴ്ചയിൽ | 6/5 |
| 21 | മനോഹരൻ,പുതുമണ്ണേൽ | „ 6/10 |
| 22 | സനിൽ,കിഴക്കേഅയ്യൻകോവിൽ | „ 6/7 |
| 23 | ശാന്ത,മണപ്പള്ളി | „ 6/8 |
| 24 | ഓമന തെക്കേകളത്തിൽ | വെളിയാകുളം വനിതാ വിപണനകേന്ദ്രം,3/2 |
| 25 | ലീലാകുമാരൻ,വാരനാട് | „ 3/3 |
| 26 | രജിത ദിപു,ദിപു നിവാസ് | „ 3/4 |
| 27 | വിലാസിനി,നിലം നികർത്തിൽ | „ 3/5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/16.11.18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കുന്നില്ല

പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നിർമ്മാണം യഥാസമയം പൂർത്തിയാക്കിയതിന്റെയോ കെട്ടിട നമ്പർ നൽകി നികുതി അസ്സസ്സ് ചെയ്തതിന്റെയോ യഥാസമയം പെർമിറ്റ് പുതുക്കാത്തവർക്കും കൂട്ടിച്ചേർക്കലുകൾ നടത്തിയവർക്കും ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 17 പ്രകാരം പെർമിറ്റ് അനുവദിച്ച തീയതി മുതൽ 3 വർഷത്തേക്ക് നിർമ്മാണാനുവാദം സാധുവായിരിക്കുന്നതാണ്. 3 വർഷകാല പരിധിക്കുള്ളിൽ

സമയം നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്ത പക്ഷം നിർമ്മാണാനുവാദം കാലഹരണപ്പെട്ടു പോകുന്നതാണ്. ഇത്തരത്തിൽ നിർമ്മാണാനുവാദം കാലഹരണപ്പെട്ടു പോയ കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. 2016-17 വർഷത്തിൽ പെർമിറ്റ് ലഭിച്ച കെട്ടിടങ്ങൾ പോലും പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ട് എന്ന് മറ്റ് രജിസ്റ്ററുകൾ പരിശോധിച്ചാണ് മനസ്സിലാക്കാൻ സാധിച്ചത്. പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-9 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി 3 വർഷമായിട്ടും കൈപ്പറ്റാത്ത നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാവുന്നതാണ്.

| ക്രമ നം | തീയതി/രസീത് നം | നിക്ഷേപകന്റെ പേര് | ഉദ്ദേശം | തുക |
|---|---|---|---|---|
| 1 | 22.4.13/756 | ജയചന്ദ്രൻ | ലേലം | 200 |
| 2 | 25.3.13/1647 | കെ.പി.ഉണ്ണൻ | ,, | 100 |
| 3 | 26.7.13/2585 | സിയാദ് | ,, | 300 |
| 4 | 7.10.13/5351 | ജെ.കെ.അസോസിയേറ്റ്സ് | വെറ്റി.മെഡിസിൻ | 1300 |
| 5 | 11.11.13/5456 | ജോർജിയൻ ഫാർമ | ,, | 1300 |
| 6 | 11.11.13/5425 | ജയകുമാർ | ,, | 1300 |
| 7 | 16.1.2014/6039 | പ്രവീൺകുമാർ, കിൻഡർ | മറ്റിനം | 51690 |
| 8 | 16.1.2015/11401110173 | ആന്റണി ഏലിശ്ശേരി | | 2000 |
| 9 | 16.1.2015/114001110145 | ആന്റണി | | 3300 |
| 10 | 5.11.2014/99004100035 | വി.പി.തിരുമേനി | പ്ലേ ഗ്രൗണ്ട് | 1400 |
| 11 | 5.11.2014/99004100036 | ,, | ,, | 2200 |
| 12 | 6.3.2015/1140110 | അനു ട്രേഡ് ലിങ്ക്സ് | സ്റ്റഡി മെറ്റീരിയൽ | 1675 |
| 13 | 23.3.15/99037100009 | പി.എസ്.അംബികേശൻ | എൻ.ആർ.ഇ.ജി.എസ് | 3000 |
| 14 | 23.3.2015/99037100012 | ആന്റണി | ,, | 3200 |
| 15 | 2.6.2014/11401101541 | ഓമന തൈക്കളത്തിൽ | ,, | 500 |
| 17 | ആകെ | | | 73465 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/15.11.18 ന് ലഭിച്ച മറുപടി പ്രകാരം കാലാവധികഴിഞ്ഞിട്ടും സ്വീകരിക്കാത്ത ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഖരമാലിന്യ സംസ്കരണം – കരാറിന് വിരുദ്ധമായി അധികം തുക മുൻകൂറായി നൽകി

ഉറവിട മാലിന്യ മാലിന്യ സംസ്കരണം പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ്

വാങ്ങി വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഖരമാലിന്യ സംസ്കരണം (പ്രോജക്ട് നം - 100/2018). ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള 0.5 ക്യൂബിക് മീറ്റർ വ്യാസമുള്ള ബയോഗ്യാസ് പ്ലാന്റ് ഒന്നിന് 10500 രൂപ നിരക്കിലാണ് പാലക്കാട് ഐ.ആർ.ടി.സി-യിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 5000 രൂപ പദ്ധതി വിഹിതവും 5500 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആകെ 32 ഗുണഭോക്താക്കളാണ് ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനായി തുക ഒടുക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യും (കൊക്കോതമംഗലം സർക്കിൾ) വിതരണ സ്ഥാപനമായ പാലക്കാട് ഐ.ആർ.ടി.സി സെക്രട്ടറിയും തമ്മിൽ 08.03.2018ൽ ഒപ്പുവെച്ച കരാർ അനുസരിച്ച് ആകെ തുകയുടെ 20% അഡ്വാൻസായി നൽകേണ്ടത്. അതായത് 3,36,000 രൂപയുടെ 20% ആയ 67,200 രൂപ മുൻകൂറായി നൽകിയാൽ മതി. എന്നാൽ ഇതിന് വിരുദ്ധമായി 32 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 1,76,000 രൂപ (32x5500 രൂപ) സ്ഥാപനത്തിന് മുൻകൂറായി നൽകുക വഴി 1,08,800 രൂപ അധികം നൽകുകയുണ്ടായി. കരാർ വ്യവസ്ഥകൾ ശരിയായി മനസ്സിലാക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും പദ്ധതി 2018-19 വർഷം സ്പിൽ ഓവറായി പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ് എന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. 2018-19 വർഷം പദ്ധതി പൂർത്തിയാക്കി അധികം നൽകിയ തുക ക്രമപ്പെടുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-2 ഉറവിട മാലിന്യ സംസ്കരണ പദ്ധതി – ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല, അനുവദിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10% തുകയെങ്കിലും വകയിരുത്തി മാലിന്യസംസ്കരണ പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ട് ഹരിത കേരളം പദ്ധതി നടപ്പാക്കണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേതുടർന്ന് 2017-18 വർഷം തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണ പദ്ധതികൾക്കായി താഴെപറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കുകയുണ്ടായില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | തണ്ണീർമുക്കം മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. | 400000 |
| 2 | സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. | 800000 |
| | ആകെ വകയിരുത്തിയ തുക | 1200000 |

ഹരിത കേരളം മിഷന്റെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി 2017-18 വർഷം ഓരോ ഗ്രാമപഞ്ചായത്തിനും ആകെ 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ശുചിത്വ മിഷൻ മുഖേന നടപ്പാക്കുന്നതിന് 27.7.2017ൽ കൂടിയ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി അനുവാദം നൽകുകയുണ്ടായി. തുടർന്ന് ഇതിനായി പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പാക്കുന്നതിനായി ജില്ലാ സാനിട്ടേഷൻ സമിതി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.9.2017ലെ ഡി5-1578/2008 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് 12 ലക്ഷം അഡ്വാൻസായി അനുവദിക്കുകയുണ്ടായി. ഇത് ഉൾപ്പെടെ തൻവർഷം 19,20,720 രൂപ ശുചിത്വ മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് മേൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് 26.09.2017ൽ കൂടിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചുവെങ്കിലും (തീരുമാനം - I(6)) തൻവർഷം പദ്ധതി നടപ്പാക്കിയില്ല.

ശുചിത്വ മിഷൻ അക്കൗണ്ടിൽ 31.05.2018ലെ കണക്ക് പ്രകാരം 52,42,082 രൂപ നീക്കിയിരുപ്പുണ്ട് (അക്കൗണ്ട് നമ്പർ – 57026522119). മാലിന്യ സംസ്കരണ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും ഒരുരൂപ പോലും ചെലവഴിക്കുവാൻ കഴിയാതിരുന്നതും ഹരിത കേരളം മിഷൻ അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നതും ഗൌരവത്തോടെ കാണേണ്ടതാണ്. ശുചിത്വ മിഷൻ അനുവദിക്കുന്ന ഫണ്ട് നിശ്ചിത സമയപരിധിക്കകം ചെലവഴിച്ചില്ലെങ്കിൽ ആയത് തിരിച്ചടക്കേണ്ടതായി

വരുന്നതാണ്. ആയതിനാൽ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭിക്കുന്ന തുക യഥാവിധി പ്രയോജനപ്പെടുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സ്കൂളിലേക്ക് ഫറ്ണീച്ചർ വാങ്ങൽ -അധിക ചെലവ് സംബന്ധിച്ച്.

പ്രോജക്ട് നം. എസ്00040/18

പ്രോജക്ടിന്റെ പേര്: സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ

അടങ്കൽ: മെയിന്റനൻസ് ഫണ്ട്(റോഡിതരം)- 4,24,400/- രൂപ

ചെലവ്: 4,24,221/- രൂപ (ട്രഷറി ബിൽ നം.2 തീ. 08.02.2018)

ഈ പദ്ധതി പ്രകാരം തൻവർഷം വിവിധ സ്കൂളുകളിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിരിക്കുന്നത്. തൻവർഷം സ്കൂളിലേക്ക് വാങ്ങിയ ഫർണീച്ചറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് (നികുതി കഴിച്ച്) | എണ്ണം | ആകെ തുക |
|---|---|---|---|
| Anjili Wood Desk- 185x45x68cm | 3532 | 54 | 190728 |
| Anjili Wood Bench- 185x30x46cm | 2707 | 53 | 143471 |
| Anjili Wood Single Draw Table- 90x60x75cm | 5062 | 5 | 25310 |

സ്റ്റോർ പർച്ചേസ്(എ) ഡിപ്പാർട്ട്മെന്റിന്റെ 16.03.2017-ലെ ജി.ഒ(ആർ.റ്റി)നം.17/2017/എസ്.പി.ഡി സർക്കാർ ഉത്തരവ് പ്രകാരം KADCO എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ തടി ഫർണീച്ചറുകൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ ഓഫീസുകൾക്കും അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ തുടർച്ചയായി കൊടുത്തിട്ടുള്ള വിലയിൽ കൂടുതലാകാതെ വേണം ഫർണീച്ചറുകൾ വാങ്ങേണ്ടതെന്ന് പറഞ്ഞിരിക്കുന്നു.

ഈ പദ്ധതി പ്രകാരം തൻവർഷം പഞ്ചായത്തിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങിയതിനേക്കാൾ കുറഞ്ഞ തുകയാണ് സർക്കാർ ഫർണീച്ചറുകൾക്ക് നിർണയിച്ച് നല്കിയിട്ടുള്ളതെന്ന് കാണുന്നു. മേൽ സർക്കാർ ഉത്തരവിന് അനുബന്ധമായി നല്കിയിട്ടുള്ള വിലവിവര പട്ടികയിൽ ആഞ്ഞിലി തടിയിൽ തീർത്ത ഫർണീച്ചറുകളുടെ പട്ടികയിൽ ആറാം ഇനമായി നല്കിയിട്ടുള്ള Anjili Wood Single Draw Table- 90x60x75cm-ന്റെ വില 3955/-രൂപ മാത്രമാണെന്ന് കാണുന്നു. ബെഞ്ച്, ഡെസ്ക് എന്നിവയുടെ സമാന സ്പെസിഫിക്കേഷനിലുള്ള ഇനം മേൽ സർക്കാർ ഉത്തരവിൽ നല്കിയിട്ടില്ലാത്തതിനാൽ താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ കുറഞ്ഞ വിലയിൽ വാങ്ങാതിരുന്നതു മൂലം ടേബിളിന്റെ വിലയിനത്തിൽ തന്നെ താഴെപ്പറയും പ്രകാരമുള്ള നഷ്ടം ഉണ്ടായിട്ടുണ്ട്.

| | ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങിയതു മൂലം നല്കേണ്ടി വന്ന വില | നേരിട്ട് വാങ്ങിയാൽ നല്കേണ്ടിയിരുന്ന വില | വ്യത്യാസം |
|---|---|---|---|
| ടേബിളിന്റെ വില (5 എണ്ണം) | 5062x5=25310 | 3955x5=19775 | 5535 |
| ജി.എസ്.റ്റി(18%) | 4556 | 3560 | 996 |

| | | | |
|---|---|---|---|
| ആകെ | 29866 | 23335 | 6531 |

KADCO സമർപ്പിച്ച ടെണ്ടർ രേഖകളോടൊപ്പം തന്നെ മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിരുന്നു. ടെണ്ടർ നടപടികൾ കൂടാതെ അതേ സ്ഥാപനത്തിൽ നിന്നു തന്നെ കുറഞ്ഞ വിലയിൽ ഫർണീച്ചർ വാങ്ങാൻ സാഹചര്യം ഉണ്ടായിരിക്കെ കൂടിയ തുക ചെലവഴിച്ചതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6 തീ.14.11.2018) KADCO-യിൽ നിന്നും നേരിട്ട് വാങ്ങാൻ അനുവാദമുണ്ടെന്ന് അറിയില്ലായെന്ന് ഹെഡ്മാസ്റ്റർ മറുപടി നല്കി. എന്നാൽ ഈ ഉത്തരവ് KADCO സമർപ്പിച്ച ടെണ്ടർ ഡോക്യുമെന്റ്സിനൊപ്പം അവർ ഹാജരാക്കിയിട്ടുണ്ടായിരുന്നു. മതിയായ പരിശോധനയില്ലാതെ പ്രവർത്തി നിർവ്വഹിച്ചതുമൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം നഷ്ടങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ- പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. എസ്00042/18

പ്രോജക്ടിന്റെ പേര്: എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ: വികസന ഫണ്ട്(എസ്.സി.പി)- 50000/- രൂപ

ചെലവ്: 45,750/- രൂപ (ട്രഷറി ബിൽ നം.3 തീ. 31.03.2018)

ഈ പദ്ധതി പ്രകാരം തൻവർഷം 10 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ധന്വന്തരി ദാസ് എന്ന കുട്ടി പട്ടികജാതി വിഭാഗത്തിൽ പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവ് (എം.എസ്) നം.80/2017 ത.സ്വ.ഭ.വ തീയതി.03.04.2017 പ്രകാരമുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക 11.8-5 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുമ്പോൾ പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ലായെന്ന് വകുപ്പുദ്യോഗസ്ഥനിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. അത്തരത്തിൽ ഒരു സാക്ഷ്യപത്രം ഒരു ഗുണഭോക്താവ് പോലും ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 45,750/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സാന്ത്വനം പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

1. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ സാന്ത്വനം പാലിയേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി രോഗീ സംഗമം സംഘടിപ്പിക്കുന്നതിനായി താഴെപറയും പ്രകാരം വികസന ഫണ്ടിൽ നിന്നും 30,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകിയതിന് 15,840 രൂപയും സ്റ്റേജ്, ലൈറ്റ് & സൗണ്ട്, നോട്ടീസ് എന്നിവയ്ക്കായി 9100 രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 5060 രൂപയും നൽകുന്നതിനായാണ് മേൽ തുക പിൻവലിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, ചെലവ് തുക അതത് സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയും പിന്നീട് ക്യാഷായി വിതരണം ചെയ്തിട്ടുള്ളതയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. ആയിരം രൂപയ്ക്ക് മേലെയുള്ള ബില്ലുകൾ പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നുതന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പാലിയേറ്റീവ് ഹോകെയർ പദ്ധതിയുടെ ഭാഗമായി നഴ്സിന്റെ പരിശീലനത്തിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിൽ ഒടുക്കുന്നതിനായി 1500/- രൂപ (31.3.2018ലെ വൗച്ചർ നമ്പർ 25/2017-18) പാലിയേറ്റീവ് നഴ്സിന് നൽകിയിട്ടുണ്ട്. ടി തുക ഡി.എം.ഒ-യിൽ ഒടുക്കിയതിന്റെ രസീത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രസീത് ഹാജരാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ ജില്ലാ മെഡിക്കൽ ഓഫീസിൽ ഒടുക്കുന്നതിനായി പാലിയേറ്റീവ് നഴ്സിന് നൽകിയ 1500/-

രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക പലിശ സഹിതം ഈടാക്കി വികസന ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

3. സാന്ത്വനം പാലിയേറ്റീവ് പ്രോജക്ടിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി താഴെപറയും പ്രകാരം വികസന ഫണ്ടിൽ നിന്നും 6,69,084/- രൂപ പിൻവലിച്ച് കെ.എം.എസ്.സിയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | 06/2017-18/9.1.2018 | 6,09,400 |
| 2 | 10/2017-18/15.3.2018 | 59684 |
| | ആകെ | 6,69,084 |

6,09,400/- രൂപയുടെ ഉപകരണങ്ങളും 59684 രൂപയുടെ മരുന്നുകളുമാണ് വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നതെങ്കിലും, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 27.10.2018ലെ ഇൻവോയ്സ് നമ്പർ 11245 പ്രകാരം 98.621 രൂപയുള്ള ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. ശേഷിയ്ക്കുന്ന തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കെ.എം.എസി.സി-യിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള ഉപകരണങ്ങളുടേയും മരുന്നുകളുടേയും വിലയായ 5,70,463/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇവ ലഭിക്കുന്നമുറയ്ക്ക് ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 വിവിധ അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 44/18 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | പി.കെ.ശശികുമാർ |
| എഗ്രിമെന്റ് നം. | : | *35/AE/TKM/17-18 തീയതി. 06.10.2017* |
| അടങ്കൽ: മെയിന്റനൻസ് ഫണ്ട് -റോഡിതരം | : | 2,38,000/- രൂപ |
| ചെലവ് | : | 2,28,117<br>ട്രഷറിബിൽ നം.53 തീ.12.02.2018 |
| എം.ബുക്ക് നം | : | 199/2017, 214/2017 |

ഈ പദ്ധതിയുടെ അപ്പന്റിക്സ്-എ ഇനം.1 ആയി ചെയ്തിരിക്കുന്ന പ്രവർത്തി എർത്ത് വർക്ക് എസ്കവേഷൻ ആണ്. അളവ് പുസ്തകം പേജ് നം.1 (എം.ബുക്ക് നം.199/2017) പ്രകാരം 13.10.2017 നിർവഹിച്ച ഈ പ്രവർത്തിയിൽ നിന്നും 4.47എം3 മണ്ണ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മണ്ണിന്റെ ഉപയോഗ യോഗ്യതയെ സംബന്ധിച്ച സാക്ഷ്യപത്രം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്കവേറ്റ് ചെയ്തെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലായെന്ന് സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ഈ പദ്ധതിയുടെ അപ്പന്റിക്സ്-എ ഇനം.10 (എം.ബുക്ക് നം.199/2017 പേജ് നം.15) ആയി ചെയ്ത ഫില്ലിംഗിന്റെ അളവിൽ നിന്നും എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യേണ്ടതായിരുന്നു. എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യാതിരുന്നതു മൂലം താഴെപ്പറയും പ്രകാരമുള്ള അധികച്ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| അപ്പന്റിക്സ് എ-ഇനം 10 ആയി ചെയ്ത ഫില്ലിംഗിന്റെ അളവ് | 6.364എം$^3$ |
| അപ്പന്റിക്സ്-എ ഇനം.1 ചെയ്തപ്പോൾ ലഭിച്ച മണ്ണിന്റെ അളവ് | 4.47 എം$^3$ |
| ഫില്ലിംഗിന് അനുവദനീയമായ അളവ് | 1.894എം$^3$ |

| | |
|---|---|
| ഫില്ലിംഗിന് അനുവദിച്ച തുക (6.364x1109.96) | 7063.79 രു |
| ഫില്ലിംഗിന് അനുവദനീയമായ തുക (1.894x1109.96) | 2102.26 രു |
| അധികം നല്കിയ തുക (7063.79-2102.26) | 4962/-രു |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീ.13.11.2018) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 കാലി വീപ്പയുടെ വില ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. പ്രവൃത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയായി 250/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ലിസ്യു നഗർ സനം പ്രസ്സ് റോഡ് റീ-ടാറിംഗ് വാർഡ്-22

| | | |
|---|---|---|
| പ്രോജക്ട് നം. | : | 117/18 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെറുടെ പേര് | : | കെ.ബൈജു |
| എഗ്രിമെന്റ് നം. | : | *25/AE/TKM/16-17 തീയതി. 20.12.2016* |
| എം.ബുക്ക് നം | : | 153/16-17, 154/16-17 |
| ചെലവ് | | 2,09,710/-രൂപ<br>(ട്രഷറി ബിൽനം.11<br>തീയതി,30.06.2017-209710/-രൂപ) |
| ഉപയോഗിച്ച ടാറിന്റെ അളവ് | : | എമൽഷൻ-SS1- 396കി.ഗ്രാം (3ബാരൽ)<br>എമൽഷൻ-RS1-128 കി.ഗ്രാം (1ബാരൽ)<br>ബിറ്റുമിൻ- 982 കി.ഗ്രാം (7ബാരൽ) |
| ഈടാക്കേണ്ടിയിരുന്ന ബാരൽ വില | : | 2750/-രൂപ (11x250) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 2750/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി.13.11.2018) മറുപടി ലഭ്യമാക്കിയില്ല. തുക ഉത്തരവാദിയായ കോൺട്രാക്ടറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | | |
|---|---|---|
| 1. പ്രോജക്ട് നം. | : | 131/18 |
| പ്രോജക്ടിന്റെ പേര് | : | 81-ാം നമ്പർ അംഗനവാടി കെട്ടിട നിർമാണം വാർഡ് 17 |
| അടങ്കൽ | : | കേന്ദ്രാവിഷ്കൃത പരിപാടി-8,70,000/- രൂപ |

| | | |
|---|---|---|
| | | വികസന ഫണ്ട്- 5,00,000/- രൂപ<br>തനത് ഫണ്ട്- 80,000/- രൂപ<br>ആകെ -14,50,000/- രൂപ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി | : | പൊതുമരാമത്ത് കെട്ടിട വിഭാഗം, ആലപ്പുഴ |
| ചെലവ് | | 5,80,000/- രൂപ<br>ട്രഷറിബിൽനം. 69 തീ.31.03.2018- 5,00,000/- രൂപ<br>ചെക്ക് നം. തീ- 80,000/- രൂപ |
| തുക ഒടുക്കിയതിന്റെ ട്രഷറി ചെലാൻ വിവരം | | നം.26137 തീ.31.03.2018- 5,00,000/- രൂപ<br>നം.KL0001197042018-19 തീ. 05.04.2018 80,000/- രൂപ |

| | | |
|---|---|---|
| 2. പ്രോജക്റ്റ് നം. | : | 58/18 |
| പ്രോജക്റ്റിന്റെ പേര് | : | 58-ാം നമ്പർ അംഗനവാടി കെട്ടിട നിർമാണം വാർഡ് 10 |
| അടങ്കൽ | : | കേന്ദ്രാവിഷ്കൃത പരിപാടി-8,70,000/- രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 5,80,000/- രൂപ<br>ആകെ -14,50,000/- രൂപ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി | : | പൊതുമരാമത്ത് കെട്ടിട വിഭാഗം, ആലപ്പുഴ |
| ചെലവ് | | 5,80,000/- രൂപ<br>ട്രഷറി ബിൽ നം. 59 തീയതി.21.03.2018- 5,80,000/- രൂപ |
| തുക ഒടുക്കിയതിന്റെ ട്രഷറി ചെലാൻ വിവരം | | നം.24596 തീയതി.21.03.2018- 5,80,000/- രൂപ |

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിലെ 10,17 വാർഡുകളിലെ അംഗൻവാടികളുടെ നിർമാണത്തിനായി മേൽ ട്രഷറി ചെലാൻ പ്രകാരം 11,60,000/- രൂപ 8443-00-108 PW Deposit എന്ന ശീർഷകത്തിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ഈ അംഗൻവാടി കെട്ടിട നിർമാണം പൂർത്തീകരിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ ന്യൂനതകൾ

1. 2017-18 സാമ്പത്തിക വർഷം വൈദ്യുത ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി 22,86,782/-രൂപ കെ.എസ്.ഇ.ബി-ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-47ൽ ഉൾപ്പെടുത്തിയിട്ടില്ല.

2. രസീപ്റ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP 40(a) പ്രകാരം ഡിസ്ട്രസ് റിലീഫ് ഫണ്ട് ഇനത്തിൽ 2,35,437/-രൂപ ഓപ്പണിംഗ് ബാലൻസും, RP-29(വരവ് ഭാഗം) പ്രകാരം 7749/-രൂപ വരവും, RP-29 (ചെലവ് ഭാഗം) പ്രകാരം 31000/-രൂപ ചെലവും കാണുന്നു. എന്നാൽ RP 40(b) പ്രകാരം ഈയിനത്തിൽ 211986/-രൂപ മാത്രമേ നീക്കിബാക്കി കാണുന്നുള്ളൂ. ഈയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 212186/-രൂപ നീക്കിയിരിപ്പുണ്ട്.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 83946 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവ് സബ്സിഡിയും | 83946 | --- |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 500000 | പാലിന് സബ്സിഡി | 500000 | --- |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 358625 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 347525 | 11100 |
| ജില്ലാ പഞ്ചായത്ത് | 358625 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 183600 | 175025 |
| ബ്ലോക്ക് പഞ്ചായത്ത് | 90000 | അംഗൻവാടിക്ക് സ്ഥലം വാങ്ങൾ | -- | 90000 |
| ജില്ലാ പഞ്ചായത്ത് | 740000 | ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 740000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | വൈദ്യുതി ലൈൻ നീട്ടൽ | 486782 | 13218 |
| ജില്ലാ പഞ്ചായത്ത് | 650000 | വൈദ്യുതി ലൈൻ നീട്ടൽ | 650000 | -- |
| | 3281196 | | 2991853 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടൽ | 2286782 | | 2286782 |
| പൊതുമരാമത്ത് കെട്ടിട വിഭാഗം, ആലപ്പുഴ | അംഗൻവാടി കെട്ടിട നിർമാണം | 1160000 | | 1160000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | ജി.ഒ.(എം.എസ്) 207/2009 തീയതി –07/11/2009 | 18459000 | 1845900 | 1845900 | | -- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6983366 |
| തൻവർഷം നിക്ഷേപിച്ച തുക | 614479(പലിശ) |
| ആകെ | 7597845 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7597845 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, ചേർത്തല ശാഖ | 7597845 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 180/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2008-09 | 2-1(3) | 180/- | പ്രതീക്ഷ ഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117010102515 തീ. 07.07.2017 |
| ആകെ | | 180/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2003-04, ഖണ്ഡിക-7 | 1.പിഴപ്പലിശ ഒടുക്കിയില്ല | തീർപ്പാക്കിയിട്ടില്ല. |
| | | 2.വിത്തു വിതരണം അപാകത | |
| | | 3.നെൽവിത്ത് വിതരണം അപാകത | |
| | | 4.മണ്ഡരിരോഗ നിയന്ത്രണം | |
| | | 5.ചകിരി വിതരണം അപാകത | |
| | | 6.ധനസഹായം നല്കിയത് | |
| | | 7.മരാമത്ത് പണികൾ രേഖകൾ ഇല്ല. | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102733722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116215196 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9212 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 616213 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5(2) | | 1500 | ജയന്തി എസ്, മെഡിക്കൽ ഓഫീസർ |
| 3-6 | | 4962 | തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 2750 | സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 9212 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 45750 | ബാബു.ഡി, ഹെഡ് മാസ്റ്റർ |
| 3-5(3) | 570463 | ജയന്തി എസ്, മെഡിക്കൽ ഓഫീസർ |
| ആകെ | 616213 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയന്തി എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി തണ്ണീർമുക്കം | പരിപ്പാടപ്പള്ളി, കുടവെച്ചൂർ പി.ഒ. കോട്ടയം |
| തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്. | കുരിശുങ്കൽ, വയലാർ പി.ഒ. ആലപ്പുഴ |
| സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അരൂർ ഗ്രാമപഞ്ചായത്ത് | രോഹിണി, കാഞ്ഞിരംചിറ, ആലപ്പുഴ നോർത്ത് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.2012 |
| 2001-02 (ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2005-06(ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2006-07 | എൽ.എഫ്.ജി.എ.16-925/10/19.02.11/28.02.11 |
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.12 |
| 2008-09 | എൽ.എഫ്.ജി.എ.9-374/12/06.07.12/03.09.12 |
| 2009-10 | എൽ.എഫ്.ജി.എ.9-343/12/06.07.12/03.09.12 |

| | |
|---|---|
| 2010-11&2011-12 | എൽ.എഫ്.എ.പി1-625/12/21.01.14/15.03.14 |
| 2012-13 | എൽ.എഫ്.എ.പി1-101/15/07.04.15/29.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി. പി1/1033/15/15.09.1/17.10.15 |
| 2014-15 | കെ.എസ്എ/എ.എൽ.പി-പി1-819/2016/26.07.2016 |
| 2015-16 | നം. കെ.എസ്.എ-എ.എൽ.പി-പി1-1255/16/15.11.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി13-1124/17 തീയതി.13.09.2017 |

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(59)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 06.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ